07/02/2024 വൈകു:4.00 മണിക്ക് കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ വെച്ച് ചേർന്ന സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ലാ സമിതി 4 ന്റെ യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

1. വി. വി. രത്നാകരൻ -കൺവീനർ& ഐ. വി. ഒ -(ഒപ്പ് )

2. ദിലീപ് കുമാർ കെ -അസിസ്റ്റൻറ് എക്സി. എൻജിനിയർ. LSGD -(ഒപ്പ് )

3. രാജീവ് പി എം - അസിസ്റ്റൻറ് ടൌൺ പ്ലാനർ ,LSGD planning--(ഒപ്പ് )

35/02-2024 dt . 07/02/2024(കൂത്തുപറമ്പ് മുനിസിപ്പാലിറ്റി )

നവ കേരള സദസ്സിൽ, കൂത്തുപറമ്പ് അംശം നരവൂർ ദേശത്ത് പാലത്തുങ്കര അഞ്ചാം വാർഡിൽ, ശ്രീമതി ലുബിന എന്നവർ സമർപ്പിച്ച, എന്റെ ഉമ്മയായ ബുഷറ വി.പി യുടെ പേരിൽ കൂത്തുപറമ്പ് അംശം നരവൂർ ദേശത്ത് റി.സ. 44/1A1A സ്ഥലത്ത് BA-347/10-11 dt 27/12/2011 നമ്പറായി പെർമിറ്റ് ലഭിക്കുകയും ആയത് 26/12/2016 വരെ പുതുക്കുകയും ചെയ്തിരുന്നു. ഇതിനിടെ ഉമ്മ ക്യാൻസർ ബാധിതയായി വെല്ലൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ 01/01/2016 ന് മരണപ്പെടുകയും ചെയ്തു. ഉമ്മ മരണപ്പെടുമ്പോൾ ഞാനും സഹോദരനും മൈനർമാരായിരുന്നു. ഉമ്മയുടെ മരണശേഷം പിതാവ് ബഷീർ, മുഴുവൻ വസ്തു സംബന്ധിച്ച് രേഖയുമായി കർണാടകയിലേക്ക് താമസം മാറ്റി ഞങ്ങളുമായി ഒരു ബന്ധവുമില്ലാതെയായി. തുടർന്ന് നാട്ടുകാരുടെയും ബന്ധുക്കളുടെയും സഹായത്തോടെ ഞങ്ങളുടെ വീട് പണി പൂർത്തിയാക്കി വീട് നമ്പറിനു വേണ്ടി കംപ്ലീഷൻ സർട്ടിഫിക്കറ്റുമായി കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയെ സമീപിച്ചപ്പോൾ വീട് നിർമ്മാണ അനുമതിയുടെ കാലാവധി 26/12/2016 ന് അവസാനിച്ചതിനാലും 2022 ൽ മാസ്റ്റർ പ്ലാൻ പ്രാബല്യത്തിൽ വന്നതിനാലും പെർമിറ്റ് ഫൈൻ അടച്ചു പുതുക്കാൻ സാങ്കേതിക തടസ്സം ഉണ്ടെന്നതിനാൽ വീട്ടുനമ്പർ നൽകാൻ കഴിയില്ലെന്ന് അറിയിക്കുകയാണുണ്ടായത്. ഞങ്ങൾ മൈനർമാരായ കാലയളവിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ ആയതിനാലും ഉപ്പ രേഖയും പെർമിറ്റും കൈവശപ്പെടുത്തിയ നിലയിൽ ആയതിനാലും ഞങ്ങളുടെ ഭാവിക്ഷേമം ലക്ഷ്യം വെച്ച് നാട്ടുകാരുടെയും ബന്ധുക്കളുടെയും സഹായത്തോടെ പൂർത്തീകരിക്കപ്പെട്ട ഭാവനത്തിൽ കെട്ടിട നമ്പർ ലഭ്യമാകാത്തതിനാൽ റേഷൻ കാർഡോ , വോട്ടർ പട്ടികയിൽ വോട്ട് ചേർക്കാനോ വിവാഹം രജിസ്റ്റർ ചെയ്യുവാനോ ബാങ്കിൽ സ്വന്തം മേൽവിലാസത്തിൽ അക്കൗണ്ട് തുടങ്ങുവാനോ ഗ്യാസ് കണക്ഷൻ എടുക്കുവാനും മറ്റും കഴിയാത്ത നിലയിലാണ്. ആയതിനാൽ ഞങ്ങളുടേതല്ലാത്ത കാരണത്താൽ പരസഹായത്തോടെ ഞങ്ങൾക്ക് വേണ്ടി നിർമ്മിച്ച ഭവനം ഉപയോഗയോഗ്യമാക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കി പ്രത്യേക അനുമതി ഉത്തരവിലൂടെ താമസയോഗ്യവും അനുഭവയോഗ്യവുമാക്കുവാൻ വീട്ടുനമ്പർ അനുവദിച്ച് തരുവാൻ പ്രത്യേക ഉത്തരവ് നൽകണമെന്നുള്ള അപേക്ഷയിൽ അപേക്ഷകയുടെ പ്രതിനിധിയെ നേരിൽ കേട്ടതിൽ നിന്നും ചുവടെ പറയുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോധ്യപ്പെട്ടു.

1. നേരിൽ കേട്ട സമയത്ത് അപേക്ഷകയുടെ പ്രതിനിധി കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ നിന്നും 27/12/2011 ന് BA347/10-11 dt 27/12/2011 ന് Villappalankandy poukachi Bushara, Puthanpurayil Basheer, Sabnas, muriad road, kutuparamba(PO), എന്നിവർക്ക് തറനില 122.65

ച. മി., ഒന്നാം നില 75.28 ച. മീ. അടക്കം മൊത്തം 197.93 ച.മീ. പ്ലിന്ത് ഏറിയ വിസ്തീർണം വരുന്ന വീട് നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതായും ആയത് 27/12/2013 മുതൽ 26/12/2016 വരെ പുതുക്കി നൽകിയിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

2. മുനിസിപ്പാലിറ്റിയിൽ നിന്നും ആയതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധന സമയത്ത് ലഭ്യമാക്കിയിട്ടില്ല.

3. നേരിൽ കേട്ട ശേഷം മുനിസിപ്പൽ എൻജിനീയർ ഓവർസിയർ ഉൾപ്പെടെ അപേക്ഷയുടെ പ്രതിനിധിയുടെ സാന്നിധ്യത്തിൽ സ്ഥലം പരിശോധിച്ചതിൽ സ്ഥലത്ത് നിർമ്മാണം തറനില + ഒന്നാം നില നിർമ്മാണം പൂർത്തിയായി കെട്ടിടം ഉപയോഗിച്ച് വരുന്നതായി കാണുന്നു. ആയത് ഏകദേശം 8 വർഷത്തോളം പഴക്കമുള്ളതായി മനസ്സിലാക്കുന്നു. നിർമ്മാണത്തിന് തറനിലയിൽ 137.45 ച. മീ. യും ഒന്നാം നിലക്ക് 109.02 ച.മീ. യും വിസ്തീർണ്ണം ഉള്ളതായി കാണുന്നു.പ്രകാരം നിർമാണം പൂർത്തികരിച്ച വിസ്തീർണത്തിൽ, മൊത്തം രണ്ട് നിലകളിലും കൂടി അനുവദിച്ച പെർമീറ്റിൽ നിന്നും 48.54 ച. മീ.അധിക വിസ്തീർണം വന്നതായി കാണുന്നു . നിർമ്മാണം നടത്തിയതിന്റെ ഓറിയന്റേഷൻ പെർമിറ്റിൽ നിന്നും മാറിയാണ് നിർമ്മിച്ചിട്ടുള്ളതെങ്കിലും കെ എം ബി ആർ 1999, കെ എം ബി ആർ 2019 പ്രകാരം വേണ്ട ഓപ്പൺ സ്പേസ് അളവുകളും മറ്റ് കെട്ടിട നിർമ്മാണ ചട്ടങ്ങളും പാലിക്കുന്നതായി പരിശോധനയിൽ കാണുന്നുണ്ട്.

4. കൂത്തുപറമ്പ് നഗരസഭയുടെ മാസ്റ്റർ പ്ലാൻ 2031, Go (MS) No.49/2018/ LSGD തീയതി 27/04/2018 പ്രകാരം പ്രസിദ്ധീകരണത്തിന് അനുമതി നൽകി ഉത്തരവാകുകയും ആയത് 2021 ജനുവരി അഞ്ചിലെ വാല്യം 10 നമ്പർ 38 പ്രകാരം കേരള ഗസറ്റ് ( അസാധാരണം ) പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. ആയത് പ്രകാരം മേൽ തീയതി മുതൽ ആയത് പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം സ്ഥലത്തിന് മുൻവശത്തുള്ള വലിയ വെളിച്ചം റോഡ് 24 മീറ്ററായി വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതും, കേരള നഗര ഗ്രാമസൂത്രണ ചട്ട പ്രകാരം നടപടികൾ പൂർത്തീകരിച്ച മാസ്റ്റർപ്ലാൻ 31/01/2024 ലെ സഉ (കൈ) ന. 18/2024/LSGD പ്രകാരം സർക്കാർ അന്തിമ അനുമതി നൽകിയിട്ടുള്ളതുമാണ് ആയതിൽ പ്രസ്തുത റോഡ് വീതികൂട്ടൽ 18 മീറ്റർ ആയി വിഭാവനം ചെയ്തിട്ടുള്ളതുമാണ്. മേൽ നിർമ്മാണം റസിഡൻഷ്യൽ മിക്സഡ് സോണിൽ വരുന്നതിനാൽ അനുവദനീയമാണ്,എന്നാൽ നിർമ്മാ ണത്തിന് മുൻവശം നിലവിലുള്ള റോഡിന് 13.20 മീറ്റർ വീതിയാണ് ലഭ്യമായിട്ടുള്ളത്. മേൽ വിഭാവിത 18 മീറ്റർ മാസ്റ്റർ പ്ലാൻ റോഡ്, കെട്ടിടത്തിന് മുൻവശം 2.4 മീറ്റർ സ്ഥലത്തെ ബാധിക്കുന്നു . ആയതിൽ നിന്നും 0.80 മീറ്റർ അകലം മാത്രമേ പ്രസ്തുത നിർമ്മാണത്തിന് ലഭ്യമാകുകയുള്ളൂ KMBR 2019 ചട്ടം 24(6) പ്രകാരം മുൻവശത്തെ തുറസ്സായ സ്ഥലം 3 മീറ്റർ വേണ്ടതുണ്ട്

5. അനുവദിക്കപ്പെട്ട മേൽ കെട്ടിട നിർമ്മാണ പെർമിറ്റ് 26/12/2016 വരെ മാത്രമേ പുതുക്കിയിട്ടുള്ളൂ. ആയതിന് കെഎംബിആർ 15 (4)ൽ ഒന്നാം പ്രവിസോ പ്രകാരം 25/12/2020 വരെ മുനിസിപ്പൽ സെക്രട്ടറിക്കും ശേഷം മേൽ പെർമിറ്റ് പുതുക്കിയിരുന്നെങ്കിൽ ആയതിനു ശേഷമുള്ള മൂന്നുവർഷത്തിനുള്ളിൽ അപേക്ഷിക്കുന്ന പക്ഷം ചാപ്റ്റർ IX പ്രകാരം ആയത് പരിശോധിച്ചു ജില്ലാതല കമ്മിറ്റിക്ക് പുതുക്കി നൽകുന്നതിന് പരിഗണിക്കാവുന്നതും ആയിരുന്നു.

26/12/2016 ന് ശേഷം പെർമിറ്റ് പുതുക്കുന്നതിനുള്ള നടപടികൾ അപേക്ഷകർ സ്വീകരിച്ചിട്ടില്ല എന്നും ആയതിന് അപേക്ഷിക്കുന്നതിനുള്ള സമയപരിധി കഴിഞ്ഞിട്ടുള്ളതായും കാണുന്നു.

6. നേരിൽ കേട്ട സമയത്ത് ടി കെട്ടിടം 2018 ൽ നിർമ്മാണം പൂർത്തിയായതാണെന്നും അപേക്ഷയിൽ പറഞ്ഞ പ്രകാരം അപേക്ഷകയുടെ ഉമ്മ മരണപ്പെട്ടതിനാലും പിതാവ് ഞങ്ങളുമായി ബന്ധമില്ലാതെ വസ്തു സംബന്ധിച്ച രേഖകളുമായി താമസം മാറിയതിനാലും ഞങ്ങളുടെ അറിവില്ലായ്മ മൂലവും മേൽ കാലയളവിൽ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

7. പെർമിറ്റിന് നിലവിൽ വാലിഡിറ്റി ഇല്ലാത്തതിനാൽ സർക്കാർ അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ വിഭാവനം ചെയ്ത 18 മീറ്റർ റോഡ് വൈഡ്നിങ്ങിൽ നിന്നും KMBR 2019 ചട്ടം 24(6) പ്രകാരം മുൻവശത്തെ തുറസ്സായ സ്ഥലം 3 മീറ്റർ ലഭ്യമല്ലാത്തതിനാൽ നിലവിലുള്ള കെഎംബിആർ 2019 ചട്ടപ്രകാരം നിർമ്മാണം ക്രമവൽക്കരിക്കാൻ കഴിയാത്തതാണ്. ആയത് നേരിട്ട് കേട്ട സമയത്ത് അപേക്ഷകയുടെ പ്രതിനിധിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ സർക്കാരിൽ നിന്നും അനുകമ്പാപരമായ തീരുമാനം ഉണ്ടാക്കി തരണമെന്ന് അപേക്ഷകയുടെ പ്രതിനിധി അറിയിച്ചിട്ടുണ്ട്. മേൽ വസ്തുതകളിൽ നിന്നും നവ കേരള സദസ്സിൽ ലഭ്യമായിട്ടുള്ള അപേക്ഷയിൽ മുകളിൽ സൂചിപ്പിച്ച വസ്തുതകൾ പരിഗണിച്ചുകൊണ്ട്, മാസ്റ്റർ പ്ലാൻ വരുന്നതിനു മുമ്പേ അനുവദിച്ച പെർമിറ്റ് ആയതിനാലും നിർമ്മാണ സമയത്ത് വരുത്തിയിട്ടുള്ള അധികനിർമ്മാണ വർദ്ധനവ് മാസ്റ്റർ പ്ലാൻ ഒഴികെയുള്ള മറ്റ് ചട്ടങ്ങളുടെ ലംഘനം ഇല്ലാത്തതിനാലും അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാലും ടി വിഷയത്തിൽ സർക്കാരിൽ നിന്നും അനുകമ്പാപരമായ നടപടികൾക്കായി ജില്ലാതല സമിതിയിലേക്ക് എക്സ്ക്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

36/02-2024 dt . 07/02/2024 (മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് )

നവ കേരള സദസ്സിൽ ശ്രീ വടവതി വിജയൻ, വൃന്ദാവൻ, മാങ്ങാട്ടിടം എന്നവർ സമർപ്പിച്ച, എന്റെ ഉടമസ്ഥതയിലുള്ള മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ വാർഡ് നമ്പർ 14ൽ 65, 66 നമ്പർ പീടിക മുറികൾ 1994 -95 വർഷത്തിൽ നിർമ്മിക്കുകയും ആയതിന് പഞ്ചായത്തിന്റെ അനുമതിയും ലഭിച്ചിരുന്നു.2009ൽ ആണ് രണ്ടാം നിലയുടെ പണി ആരംഭിച്ചത് ഇതിന് പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് ലഭിച്ചിരുന്നു. എന്നാൽ മുകൾ നിലയ്ക്ക് ഇതുവരെയായും പഞ്ചായത്തിൽ നിന്നും ക്രമപ്രകാരമുള്ള നമ്പർ ലഭിച്ചിട്ടില്ല. 1994-95കാലഘട്ടത്തിൽ പണിത കെട്ടിടമായിരുന്നതിനാൽ ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉണ്ടാക്കാനുള്ള സ്ഥലം ഉണ്ടായിരുന്നില്ല. അത് നിമിത്തം പീടിക മുറിക്ക് ഇതുവരെയും നമ്പർ ലഭിച്ചിട്ടില്ല. ആയതിനാൽ പീടിക മുറിക്ക് നമ്പർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന അപേക്ഷയിൽ അപേക്ഷകനെയും ഗ്രാമപഞ്ചായത്ത് ഓവർസിയർ ക്ലാർക്ക് എന്നിവരെയും നേരിൽ കേട്ടതിൽ നിന്നും അപേക്ഷകന് അനുവദിക്കപ്പെട്ട പെർമിറ്റിന്റെ കാലാവധി കഴിഞ്ഞതിനാലും, ആയത് പുതുക്കുന്നതിനുള്ള സമയപരിധി കഴിഞ്ഞിട്ടുള്ളതായും കാണുന്നു. അപേക്ഷകൻ കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല എന്ന് കാണുന്നു. ആയതിനാൽ കെപിബിആർ 2019 ചട്ട പ്രകാരം കെട്ടിടം ക്രമവൽക്ക രിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ

സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അപേക്ഷകനോട് നേരിൽ കേട്ട സമയത്ത് അറിയിച്ചിട്ടുണ്ട് ആയത് രേഖാമൂലം അപേക്ഷകനെ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

<u>37/02-2024 dt . 07/02/2024 (കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്ത്</u>

___നവ കേരള സദസ്സിൽ ശ്രീ താളിൽ അഹമ്മദ് സമർപ്പിച്ച, എന്റെ മകൾക്ക്

വീടുണ്ടാക്കാൻ വേണ്ടി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷ ദിവസങ്ങളായി അനുവാദം കിട്ടാതെ കാത്തിരിക്കുകയാണ് അതുമല്ല പുതുതായി നിർമ്മിക്കുന്ന വീടിന്റെ അനുമതിക്കായി ഒരു ഭീമമായ തുക അടക്കാൻ പഞ്ചായത്തിൽ നിന്നും നിയമമായി വന്നതിനാൽ വീട് പണി തുടങ്ങാൻ കഴിയുന്നില്ല പഞ്ചായത്തിന്റെ അനുമതിപത്രം ലഭിക്കാൻ അടയ്ക്കേണ്ട തുക കഴിഞ്ഞ വർഷത്തേക്കാളും ഒരു വലിയ അളവിൽ കൂടിയിരിക്കുകയാണ്. വീടെന്ന സ്വപ്നം പൂവണിയാൻ ഉയർത്തിയ തുകയിൽ നിന്നും പരമാവധി കുറച്ചു തരണമെന്ന അപേക്ഷയിൽ അപേക്ഷകനെ നേരിൽ കേൾക്കുന്നതിന് വേണ്ടി ഫോൺ മുഖന ബന്ധപ്പെട്ടപ്പോൾ, 13/12/2023ന് പെർമിഷൻ ലഭിച്ചിട്ടുള്ളതിനാൽ എന്റെ പരാതിയിൽ മേൽ നടപടികൾ ആവശ്യമില്ല എന്ന് അറിയിച്ചിട്ടുണ്ട്. ടി വിവരം അപേക്ഷകൻ രേഖാമൂലം സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി അപേക്ഷയിൽ തുടർനടപടി ആവശ്യമില്ല എന്ന് കമ്മിറ്റി നിരീക്ഷിച്ചു.

<u>38/02-2024 dt . 07/02/2024 (എരഞ്ഞോളി ഗ്രാമപഞ്ചായത്ത് )</u>

നവ കേരള സദസിൽ ശ്രീ പി കെ വിശ്വനാഥൻ ഉത്രാടം ഹൗസ് പുന്നോൽ തലശ്ശേരി പി ഒ ,എന്നവർ സമർപ്പിച്ച എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ Sea shell house,Chonadam താമസിക്കുന്ന എന്റെ മകളായ സോഷ്യാ ഷാമിൻ, W/o ഷാമിൽ കെ.എം. എന്നിവരുടെ വീടിന് നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷ NHAI യിൽ നിന്നുമുള്ള ആക്സസ് പെർമിഷൻ ഒഴികെ സമർപ്പിച്ചുവെങ്കിലും നമ്പർ അനുവദിച്ചു തരുന്നില്ല എന്നും NHAI യിൽ നിന്നും ലഭിച്ച വിവര പ്രകാരം ആയത് ആവശ്യമില്ല എന്ന് അറിയാൻ കഴിഞ്ഞു എന്നും , നമ്പർ അനുവദിച്ചു കിട്ടാത്തത് കൊണ്ട് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട് എന്നുമുള്ള അപേക്ഷ അദാലത്ത് സമിതി പരിശോധിച്ചു.

ടി വിഷയവുമായി ബന്ധപ്പെട്ട സമാന അപേക്ഷ ടിയാരുടെ മകൾ സോഷ്യാ ഷാമിൻ നവ കേരള സദസ്സിൽ സമർപ്പിച്ചത് അദാലത്ത് സമിതി പരിശോധിക്കുകയും 11/01/2024 ലെ 14/01-2024 പ്രകാരം തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്

12/02/2021 ലെ 159/NHAI/Pl U/ Kozhikode/2021/178 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് NHAI യിൽ നിന്നും മേൽ വിഷയവുമായി ബന്ധപ്പെട്ട സ്പഷ്ടീകരണത്തിൽ All commercial/Residential property/retails outlet എന്നിവയ്ക്ക് NH ൽ നിന്നും വഴി വേണ്ട സംഗതിയിൽ NHAI/Morth ൽ നിന്നും അനുമതി വേണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും വ്യത്യസ്തമായി NHAI യിൽ നിന്നും മറ്റൊരു അറിയിപ്പുകൾ ഒന്നും രേഖാമൂലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ മേൽ ഫയലിൽ സെക്രട്ടറി സ്വീകരിച്ച നടപടി ശരിയാണെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടു. ടി വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

39/02-2024 dt . 07/02/2024 (എരഞ്ഞോളി ഗ്രാമപഞ്ചായത്ത് )

ഉപജില്ലാ അദാലത്ത് സമിതി പോർട്ടലിൽ ശ്രീമതി സുമതി. കെ , കണ്ടോത്ത് ഹൗസ്, പൊന്ന്യം വെസ്റ്റ് ,തലശ്ശേരി എന്നവർ ലഭ്യമാക്കിയ, എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ നിർമ്മിച്ച വീടിന് നമ്പറിനു വേണ്ടി അപേക്ഷിച്ചിരുന്നു. പെർമിറ്റിന് വേണ്ടി അപേക്ഷിക്കുമ്പോൾ 10 സെന്റിന്റെ നികുതി റസീറ്റ് ആണ് കൊടുത്തത് അതിനുശേഷം ബേങ്ക് ലോണിനു വേണ്ടി കുടിക്കടം പകർത്തിയപ്പോഴാണ് സ്ഥലം 9-3/4 സെന്റ് ആണെന്ന് അറിയുന്നത് ഇതിൽ മതിൽ കൂടി കെട്ടുകയും അനുജന് കുറച്ച് സ്ഥലം കൊടുക്കുകയും ചെയ്തപ്പോഴാണ് 1/4 സെന്റ് സ്ഥലം കുറഞ്ഞത്. ഇതിന്റെ പേരിൽ പഞ്ചായത്തിൽ നിന്നും കത്ത് വന്നു. എനിക്ക് പുതിയ പെർമിറ്റ് എടുക്കുവാനുള്ള സാമ്പത്തികശേഷി ഇല്ല. അതിനാൽ അദാലത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാക്കി തരണമെന്ന പരാതിയിൽ അപേക്ഷകയേയും പഞ്ചായത്ത് ഓവർസിയർ ക്ലാർക്ക് എന്നിവരെയും നേരിൽ കേൾക്കുകയും ഫയൽ പരിശോധിക്കുകയും ചെയ്തതിൽ നിന്നും ചുവടെ പറയുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോധ്യപ്പെട്ടു.

1. ശ്രീമതി സുമതി കണ്ടോത്ത് എന്നവർക്ക് എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പെർമിറ്റ് നമ്പർ A2-BA(47876)/2023 dt.06/02/2023 പ്രകാരം ഗ്രൌണ്ട് ഫ്ലോർ -106.16 ച. മീ .ഒന്നാം നില 65.3 ച. മീ. ബിൽറ്റപ്പ് ഏറിയ വരുന്ന കെട്ടിട നിർമ്മാണത്തിന്405 ച. മീ സ്ഥലത്ത് അനുമതി നൽകിയതായി കാണുന്നു.

2. നിർമ്മാണം പൂർത്തിയായി പൂർത്തീകരണ സാക്ഷ്യപത്രം പഞ്ചായത്തിൽ സമർപ്പിച്ചപ്പോൾ സെക്രട്ടറി, 11/1/2024ലെ 401065/ BABC06/GPO/9159(1) പ്രകാരം അപേക്ഷയോടൊപ്പം ഹാജരാക്കിയ നികുതി റസീറ്റ്, കൈവശ സർട്ടിഫിക്കറ്റ് എന്നിവയിൽ രേഖപ്പെടുത്തിയ സ്ഥലം, പെർമിറ്റ് അനുവദിച്ച ഏറിയയിൽ നിന്നും വ്യത്യാസമുള്ളതായി ബോധ്യമായിട്ടുണ്ട് ആയതിനാൽ ടി അപേക്ഷ പ്രകാരം ഓക്യുപെൻസി നൽകാൻ കഴിയില്ല എന്നും കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും അറിയിച്ചതായി കാണുന്നു.

3.ഹിയറിങ് സമയത്ത് അപേക്ഷക പെർമിറ്റ് അനുവദിച്ച സമയത്തും നിലവിലും 397 ച. മീ.സ്ഥലമേ ഉള്ളൂ എന്നും മുൻ ആധാരത്തിലെ 405 ച. മീ സ്ഥലത്ത് നിന്നും കുറച്ച് സ്ഥലം 2016ൽ തന്നെ 1262 dt 10/06/2016 നമ്പർ ആധാര പ്രകാരം അനുജന് കൈമാറിയിട്ടുള്ളതാണ് എന്നും ആയത് പ്രകാരം പെർമിറ്റ് വാങ്ങുന്നതിന് മുമ്പേതന്നെ അനുജൻ ടി സ്ഥലം കൂടി ഉൾപ്പെടുത്തി അതിർത്തി സ്ഥാപിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

4. പെർമിറ്റിനായി സമർപ്പിച്ച പ്ലാനിൽ കൈമാറ്റം ചെയ്ത മേൽ സ്ഥലം ഒഴിവാക്കി കാണിക്കുന്നതിൽ അപേക്ഷക, എൽബിഎസ് എന്നിവരും , സ്ഥല പരിശോധന സമയത്ത് മേൽ സ്ഥലം പൂർണമായും കൈവശമുണ്ടോ എന്ന് പരിശോധിക്കുന്നതിൽ പഞ്ചായത്ത് സാങ്കേതിക വിഭാഗം ജീവനക്കാർ എന്നിവരുടെ ജാഗ്രത കുറവ് മേൽ വിഷയത്തിൽ ഉണ്ടായതാണെന്ന് കാണുന്നു.

മേൽ വസ്തുതകളിൽ നിന്നും സ്ഥലത്തിന്റെ കുറവ് വന്നിരിക്കുന്നത് KPBR 2019 ചട്ടം 19(5) ന്റെ ലംഘനത്തിൽ വരുന്നില്ല എന്ന് കാണുന്നു . ആയതിനാൽ നിലവിലുള്ള ഉടമസ്ഥാവകാശ രേഖപ്രകാരം കൈവശത്തിലുള്ള സ്ഥലം പ്രകാരം സൈറ്റ് പ്ലാൻ ഉള്ളടക്കം ചെയ്ത് കൊണ്ട് പൂർത്തികരണ പ്ലാൻ ചട്ടപ്രകാരം പരിശോധിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റ് അനുവദിക്കാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ട് തീരുമാനിച്ചു. ടി വിവരം രേഖാമൂലം അപേക്ഷകയെ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.

<u>40/02-2024 dt . 07/02/2024 (എരഞ്ഞോളി ഗ്രാമപഞ്ചായത്ത് )</u>

ഉപജില്ല അദാലത്ത് സമിതി പോർട്ടലിൽ ലഭ്യമാക്കിയ ശ്രീമതി വന്നട പുലരി സരോജിനി അമ്മ മുതൽപേർ എന്നവരുടെ, എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാത്തത് സംബന്ധിച്ച പരാതിയിൽ അപേക്ഷകയുടെ പ്രതിനിധിയെയും ഗ്രാമപഞ്ചായത്ത് ഓവർസിയർ, ക്ലാർക്ക് എന്നിവരെയും നേരിൽ കേട്ടതിൽ നിന്നും ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോധ്യപ്പെട്ടു,

1. അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ആധാരത്തിൽ" മഠത്തിലെ പറമ്പിൽ നടുഖണ്ഡം സ്ഥലവും സകലതും 6 ഫീ. കി.പ.13. തെവ 22 ടി അളവിൽ പെട്ട 6. ഫീ. കി. പ 4 1/2 തെ. വ 5 കോൽ അളവ് സ്ഥലത്തുള്ള വീടും അതിന് തൊട്ട കോവിലും കി.പ 4 തെ. വ 4 1/2 കോൽ അളവുള്ള ശ്മശാന സ്ഥലം കഴിച്ച് ബാക്കി 23 1/2സെന്റ് എന്ന് കാണുന്നു.

2. മേൽ അപേക്ഷയിൽ എരഞ്ഞോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22 /01/ 2024 ന് 401065/BPRL01/GPO/2023/7724/(3) പ്രകാരം 4 അപാകതകൾ പരിഹരിക്കണമെന്ന് അറിയിച്ചുകൊണ്ട് കത്തു നൽകിയതായി കാണുന്നു.

മേൽ വസ്തുതകളിൽ നിന്നും ക്രമനമ്പർ 1 ഒഴികേയുള്ള ന്യൂനതകളിൽ പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ച നടപടി ശരിയാണെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടു. അപാകത കാണിച്ചു നൽകിയ കത്തിൽ സൂചിപ്പിച്ച 2,3,4,എന്നിവ പരിഹരിച്ചു ആധാരത്തിൽ സൂചിപ്പിച്ച പ്രകാരം പൂർണ ഉടമസ്ഥതയിലും കൈവശത്തിലും ഉള്ള സ്ഥലം വ്യക്തമായി കാണിച്ചും ആയതിന്റെ രേഖകൾ ഹാജരാക്കിയും അപേക്ഷ സമർപ്പിക്കുവാൻ നേരിൽകേട്ട സമയത്ത് അപേക്ഷകയുടെ പ്രതിനിധിയെ അറിയിച്ചിട്ടുണ്ട്. മേൽ വിവരം രേഖാമൂലം അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു

<u>41/02-2024 dt . 07/02/2024 (തലശ്ശേരി മുനിസിപ്പാലിറ്റി )</u>

നവ കേരള സദസിൽ ശ്രീ ഭാസ്കരൻ ടി സന്ദീപം, പി ഒ നിർമ്മലഗിരി, കുത്തുപറമ്പ് എന്നവർ സമർപ്പിച്ച, 16/10/2020ലെ പെർമിറ്റ് നമ്പർ E5/BA/193/2020-2021 പ്രകാരം അനുവദിച്ച പെർമിറ്റ് പ്രകാരം ,നിർമ്മാണം ബാങ്കുകളിൽ നിന്നും മറ്റും കടമെടുത്ത് 20/06/2022ന് പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിച്ചതിൽ മുൻസിപ്പൽ അതോറിറ്റി CRZ Noc ആവശ്യമുള്ളതായി അറിയിച്ചു. ആയതിനു ശേഷം CRZഅനുമതിക്കുള്ള അപേക്ഷയിൽ ആവശ്യമായ രേഖകൾ മുനിസിപ്പൽ അതോറിറ്റിക്ക് സമർപ്പിച്ച് KCZMA ക്ക് സമർപ്പിക്കുന്ന വേളയിൽ ആയതിനു വേണ്ട മുഴുവൻ രേഖകളും

ആവശ്യപ്പെടാത്തത് ആയതിൽ കാല താമസത്തിന് ഇടയാക്കിയിട്ടുണ്ട് എന്നും ആയതിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന അപേക്ഷയിൽ അപേക്ഷകനെയും മുനിസിപ്പൽ അസിസ്റ്റന്റ് എൻജിനീയറേയും നേരിൽ കേട്ടതിൽ നിന്നും ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോധ്യപ്പെട്ടു.

1. 16/10/2020ലെ E5/BA/193/2020-2021 പ്രകാരം അപേക്ഷകന് അനുവദിച്ച ഒന്നാം നില പണിയുന്നതിന് GF (exg)- 54.67 ച.മീ, Proposed FF - 54.67 ച. മീ. മൊത്തം - 109.34 ച. മീ. വിസ്തീർണ്ണം ഉള്ള വാണിജ്യ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതായി കാണുന്നു

2. അനുവദിച്ച പെർമിറ്റിലെ സൈറ്റ് പ്ലാൻ പ്രകാരം കുയ്യാലി പുഴയുടെ വീതി 58 മീറ്ററുംനിർമ്മാണത്തിലേക്കുള്ള ദൂരം 47 മീറ്റർമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനുശേഷം കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതിൽ പുഴയുടെ വീതി 45 മീറ്ററും കെട്ടിടത്തിലേക്കുള്ള അകലം 47 മീറ്ററുമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്

2. CRZ നോട്ടിഫിക്കേഷൻ 2011 പ്രകാരമുള്ള CZMP പ്രകാരം മേൽഭാഗം CRZII യിൽ വരുന്നതായി കാണുന്നു. ആയത്പ്രകാരം CRZ അനുമതി ലഭ്യമാക്കാതെയാണ് പെർമിറ്റ് അനുവദിച്ചതായി കാണുന്നത്.

4. CRZ അനുമതിക്കായി അപേക്ഷകർ സമർപ്പിക്കുന്ന അപേക്ഷ KCZMA അയക്കുന്ന വിഷയത്തിൽ ആയതിനു വേണ്ട എല്ലാ രേഖകളും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് അപേക്ഷ ലഭ്യമാകുമ്പോൾ തന്നെ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട ജീവനക്കാർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് കമ്മിറ്റി നിരീക്ഷിച്ചു.

മേൽ വസ്തുതകളും മേൽ അപേക്ഷയും പരിശോധിച്ചതിൽ KCZMA ക്ക് സമർപ്പിച്ച അപേക്ഷ KCZMA ജില്ലാതല സമിതി പരിശോധിച്ച് വെറ്റ് ചെയ്ത് 06/12/2023 ലെ LSGD/JD/KNR/3719/2023-PLG-2 പ്രകാരം സെക്രട്ടറിക്ക് ബജറ്റ് എസ്റ്റിമേറ്റ് ഉൾപ്പെടുത്തി അപേക്ഷ KCZMA സംസ്ഥാന സമിതിക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചതായി കാണുന്നു. ആയത് പ്രകാരം വേണ്ട നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു ആയത് നേരിൽകേട്ട സമയത്ത് അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

<u>42/02-2024 dt . 07/02/2024 (തലശ്ശേരി മുനിസിപ്പാലിറ്റി )</u>

ഉപജില്ലാ അദാലത്ത് സമിതി പോർട്ടലിൽ, ശ്രീ മുനവർ എൻ. പി,സെറീന ,MS റോഡ് ,ചിറക്കര ,തലശ്ശേരി എന്നവർ ലഭ്യമാക്കിയ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ വാർഡ് നമ്പർ 52 ഞാൻ പുതുതായി നിർമ്മിച്ചു കൊണ്ടിരിക്കുന്ന കോട്ടേജ്സിന്റെ രണ്ട് നിലയുടെ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിച്ചുവെങ്കിലും ആയത് CRZ അനുമതിക്കായി മുനിസിപ്പാലിറ്റി അയച്ചുകൊടുത്തില്ല എന്നും ഇത് സംബന്ധിച്ച് മുനിസിപ്പാലിറ്റിയിൽ നിന്നും അംഗീകരിച്ച പ്ലാൻ/ പെർമിറ്റ് എന്നിവയിൽ നിന്നും വ്യതിചലിച്ചു കൊണ്ട് അകാരണമായ നോട്ടീസ് ആണ് ലഭ്യമായിട്ടുള്ളതായി കാണുന്നത് എന്നും ആയതിനാൽ ഫയൽ പരിശോധിച്ചു അനുകൂലമായ തീരുമാനം ഉണ്ടാകണമെന്നുള്ള പരാതി സമിതി പരിശോധിച്ചു. ആയതുപ്രകാരം അപേക്ഷകനെയും മുൻസിപ്പൽ അസിസ്റ്റന്റ് എൻജിനീയറിയെയും നേരിൽകേട്ടതിൽ നിന്നും

ഫയൽ പരിശോധിച്ചതിൽ നിന്നും, ടി വിഷയത്തിൽ വിശദമായ പരിശോധന അവശ്യമുള്ളതായി സമിതി വിലയിരുത്തി . ആയതിനാൽ വിശദമായ പരിശോധന നടത്തി അടുത്ത യോഗത്തിൽ തീരുമാനമെടുക്കുന്നതിന് മാറ്റി വെച്ച് തീരുമാനിച്ചു

യോഗം 5.00 മണിക്ക് അവസാനിച്ചു . അടുത്ത യോഗം 21/02/2024 ന് ചേരുന്നതിന് തീരുമാനിച്ചു .

//ശരിപ്പകർപ്പ് //

